ഉത്തരം

എ) ഉണ്ട്.

(ബി) തീരപ്രദേശ നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് താമസിക്കുന്നവർക്ക് അടിയന്തിരമായി കൈവശാവകാശരേഖ നൽകണമെന്ന് 22-6-2004-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 22/04/മ.തു.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകൽ

97 [260] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽ, സ്വന്തമായി ഭൂമിയില്ലാതെ, പുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിക്കാമോ;

(ബി) തീരദേശ പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെയുള്ള എത്ര ഭവനങ്ങളും അംഗങ്ങളുമുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല ഏജൻസികളുമായി ആലോചിച്ച് ഒരു സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. ഏതാണ്ട് 15,345-ഓളം പേർ പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്നുണ്ട്. മൊത്തം ഭവനങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളി സഹകരണ സംഘം

98 [261] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണുള്ളതെന്ന് പറയാമോ;

(ബി) ഈ സംഘങ്ങളുമായി ബന്ധപ്പെട്ട് എത്ര ഫിഷറീസ് ഡെവലപ്പ്മെന്റ് ആഫീസർമാർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങൾ അടച്ചുപൂട്ടാനും പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ സേവനം ഒഴിവാക്കുവാനും ആലോചിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തനം തുടരുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1,728.

(ബി) 52.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം

99 [262] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്;

(ബി) ഇവയിൽ എത്ര സഹകരണ സംഘങ്ങളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്;

(സി) ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായിട്ടുള്ള സഹകരണ സംഘങ്ങൾ എത്രയാണ്;

(ഡി) ഫിഷർമെൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1,728.

(ബി) 644.

(സി) 899.

(ഡി ആന്റ് ഇ) ഫിഷർമെൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ ചുമതല വഹിക്കുന്ന പ്രോജക്ട് ഓഫീസർമാർക്ക് വിവിധ സഹകരണ പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ജില്ലകളിൽ ബോധവൽക്കരണ പരിപാടികളും തൊഴിൽ പരിശീലനവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly